# അവധിക്കാലത്ത് ആവേശം നൽകി കാളികാവ് ബസാർ സ്ക്കൂളിന്റെ മികവുത്സവയാത്ര.







സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന മികവുത്സവം കാളികാവ് ബസാർ സ്ക്കൂളിൽ മികവുത്സവ യാത്രയായി സംഘടിപ്പിച്ചു. രാവിലെ 10 മണിക്ക് മേലേ കാളികാവിൽ നിന്നാരംഭിച്ചു വൈകീട്ട് 6 മണിക്ക് കാളികാവ് ജംഗ്ഷനിൽ സമാപിച്ചു. പഞ്ചായത്ത് പ്രസിഡന്റ് നജീബ് ബാബു മികവുത്സവ യാത്ര ഉദ്ഘാടനം ചെയ്തു.സമാപന യോഗത്തിൽ, വിദ്യാഭ്യാസ സ്റ്റാന്റിംങ് കമ്മിറ്റി ചെയർമാൻ ഹാരിസ് ബാബു മറ്റു ജനപ്രതിനിധികൾ ബി.പി ഒ ഷൈജി ടി. മാത്യു തുടങ്ങിയവർ പങ്കെടുത്തു..വിദ്യാലയത്തിൽ ആരംഭിക്കുന്ന സ്ക്കൂൾ വിഷൻ യൂ ട്യൂബ് ചാനലിന്റെ ലോഗോ പ്രകാശനവും സമാപനയോഗത്തിൽ വെച്ച് നടന്നു. കാളികാവിന്റ പരിസര പ്രദേശങ്ങളായ മേലേകാളികാവ്, കണാരൻ പടി, നടുക്കുന്ന്, പള്ളിക്കുന്ന്,കല്ലംക്കുന്ന്,കാളികാവ് താഴെ അങ്ങാടി,കാളികാവ് ജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങളിൽ യാത്ര പര്യടനം നടത്തി. വായന, കവിത അവതരണം, കഥ പറയൽ, സംഗീത ശില്പം, കരാട്ടെ, ദേശഭക്തിഗാനം, സംഘഗാനം, പ്രോജക്ട് അവതരണം, സ്പോട്ട് ക്വിസ്സ് എന്നിവ അരങ്ങേറി. ഓരോ പ്രദേശത്തും നടത്തിപ്പിന് അതാത് പ്രദേശങ്ങളിലെ പി.ടി.എ അംഗങ്ങൾ നേതൃത്വം വഹിച്ചു. വലിയ ജനാവലി പരിപാടികൾ വീക്ഷിക്കാൻ എത്തിയിരുന്നു. ഹെഡ്മാസ്റ്റർ അബ്ദുൽ ലത്തീഫ്, പി.ടി.എ പ്രസിഡന്റ് മഹ്സൂം പി, എസ്.എം.സി ചെയർമാൻ പി അയ്യൂബ് ,പി.സമീദ്, സർഫുദ്ധീൻ മാസ്റ്റർ, ഗിരീഷ്മാരേങ്ങലത്ത്,ബാബു ഫ്രാൻസിസ്,തുടങ്ങിയവർ പ്രസംഗിച്ചു. അധ്യാപകരായ രജീഷ് നടുവത്ത്, ജിനേഷ്കുമാർ,സ്മിത കെ, നിജിദ, കദീജ, റുബീന, സബിത, ജുവൈരിയ തുടങ്ങിയവർ നേതൃത്വം നൽകി.

## വിദ്യാലയ മുറ്റത്തെ കൃഷിത്തോട്ടത്തിൽ നൂറുമേനി വിളവ്.

കാളികാവ്: കാളികാവ് ബസാർ ഗവ.യു പി സകൂളിലെ കുട്ടിക്കർഷകരുടെ ശ്രമഫലമായി വിളയിച്ചെടുത്ത പച്ചക്കറി കൃഷിയിൽ നൂറുമേനി വിളവ്. വെണ്ട, പച്ചമുളക്, തക്കാളി, അമര, വഴുതന തുടങ്ങിയ ഇനങ്ങളാണ് കുട്ടികൾ വിളയിച്ചത്. കാളികാവ് കൃഷി ഭവന്റെ സഹകരണത്തോടെ ആഗസ്ത് മാസത്തിൽ വിദ്യാലയ മുറ്റത്ത് 30 സെന്റ് സ്ഥലത്ത് ആരംഭിച്ച പച്ചക്കറിത്തോട്ടം മുള ഉപയോഗിച്ച് വേലി കെട്ടി സംരക്ഷിക്കുന്നു. കുട്ടികളുടെ നേതൃത്വത്തിൽ ഹരിതസേന രൂപീകരിച്ച് നനക്കുന്നതും കള പ്പറിക്കുന്നതുമടക്കമുള്ള പ്രവർത്തികൾ ചെയ്തു. അധ്യാപകനായ ഹരികൃഷ്ണൻ കാർഷിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. SMC അംഗം ഒ.കെ ഭാസ്കരൻ മാസ്റ്ററുടെ നേതൃത്വത്തിൽ പി.ടി.എ അംഗങ്ങളും കൃഷിത്തോട്ടത്തിൽ ആവശ്യമായ ജോലികൾ ചെയ്ത് കുട്ടികൾക്ക് സഹായം ചെയ്യുന്നു. അംജദ് ഫായിസ്, മുഹമ്മദ് ജിൻഷാദ്, നിതാ ബാനു, മുഹമദ് ഷാമിൽ, മിഷാൽ, ഷിഫാൻ, തുടങ്ങിയവരാണ് കൃഷിത്തോട്ടത്തിന്റെ പരിപാലനത്തിന് നേതൃത്വം കൊടുക്കുന്നത്.

## ഉപജില്ലാ ശാസ്ത്രമേള ഓവറോൾ ചാംപ്യൻഷിപ്പ്

2017 -18 അധ്യയന വർഷത്തെ ഉപജില്ല ശാസ്ത്രമേളയിലും മുൻ വർഷത്തെ വിജയം ആവർത്തിക്കാൻ വിദ്യാലയത്തിലെ കുരുന്നുകൾക്കായി. യു.പി വിഭാഗം സയൻസിൽ ഓവറോൾ ചാംപ്യൻഷിപ്പും, എക്സിബിഷനിൽ റണ്ണേഴ്സപ്പാവാനും സാധിച്ചു.സയൻസ് വർക്കിംഗ് മോഡൽ, പ്രവൃത്തിപരിചയ ഇനങ്ങളിലും വിദ്യാലയത്തിലെ പ്രതിഭകൾ നിരവധി സമ്മാനങ്ങൾ നേടി. അധ്യാപകരായ നിജിത ടി.പി, ദിവ്യമോൾ, സ്മിത, അബ്ദുറഹ്മാൻ, മുനീർ കെ, ജസിന്തജോസ് ,സബിത, ശ്രീജ തുടങ്ങിയവർ നേതൃത്വം നൽകി.

## കരാട്ടെ പരിശീലനം



**കു**ട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനും ശാരീരിക ക്ഷമത വർദ്ധിക്കുന്നതിനും സഹായകമാകുന്നതിന് കരാട്ടെ പരിശീലനം വിദ്യാലയത്തിൽ ആരംഭിച്ചു. 3 ാം ക്ലാസ് മുതൽ 7 ാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് കാളികാവിലെ ബുഷിഡോ മാർഷ്യൽ ആർട്സ് അക്കാദമിയിലെ മാസ്റ്റർ ട്രെയ്നർ സെമ്പായി ബിനു ജോസഫ്, ഫഹദ്, ജയരാജ് എന്നിവരാണ് പരിശീലനം നൽകുന്നത്. തികച്ചും സൗജന്യമായാണ് കുട്ടികൾക്ക് ക്ലാസ് ലഭിക്കുന്നത്. ഈ പരിശീലനത്തിലൂടെ മികച്ച പ്രതിഭകളെ വാർത്തെടുക്കാനാവുമെന്ന പ്രതീക്ഷയിലാണ് വിദ്യാലയം.

## "ഹരിതവിദ്യാലയം റിയാലിറ്റിഷോ" BRC യുടെ അനുമോദനം

ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ പങ്കെടുത്ത വിദ്യാലയത്തിനും പരിപാടിയിൽ പങ്കെടുത്ത കുട്ടികൾക്കും വണ്ടൂർ BRC യുടെ അനുമോദനം.സംസ്ഥാനത്തെ 100 വിദ്യാലയങ്ങളെ പങ്കെടുപ്പിച്ച് നടത്തിയ ഹരിത വിദ്യാലയം റിയാലിറ്റിഷോയിൽ വിദ്യാലയം മികച്ച പ്രകടനം കാഴ്ചവെച്ചിരുന്നു. BRC ഹാളിൽ നടന്ന ചടങ്ങ് എ.പി അനിൽകുമാർ MLA, ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് അംഗം ടി പി അഷ്റഫലിയിൽ നിന്ന് വിദ്യാർഥികളും, പി.ടി.എ അംഗങ്ങളും ചേർന്ന് മൊമെന്റൊ സ്വീകരിച്ചു. ബ്ലോക്ക് പ്രസിഡൻറ് പി. ഖാലിദ് മാസ്റ്റർ, പഞ്ചായത്ത് പ്രസിഡന്റ് നജീബ് ബാബു. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഷൈജി ടി മാത്യു ,ജില്ല പ്രോജക്ട് ഓഫീസർ മുരളീധരൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.